**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **28-07-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് കോവിഡ് രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് രോഗ മുക്തരായവരിൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കോവിഡ് മുക്തരായ രോഗികളിൽ വിവിധതരം രോഗലക്ഷണങ്ങൾ മാസങ്ങളോളം നീണ്ടു നിൽക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ചെറിയ ശാരീരികക്ഷീണം മുതൽ ഹൃദ്രോഗങ്ങൾ പോലെയുള്ള മാരക രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് രോഗങ്ങളായി പ്രത്യക്ഷപ്പെടാറുണ്ട്. ഇവ കണ്ടെത്തുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആശാ പ്രവർത്തകരുടെ സഹകരണത്തോടെ കോവിഡ് മുക്തരായവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തിക്കുകയും, രജിസ്റ്റർ ചെയ്യുകയും ചെയ്തശേഷം നിസ്സാര ലക്ഷണങ്ങൾ ഉള്ളവരെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും ഗുരുതര ലക്ഷണങ്ങളുള്ളവരെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്കൽ ഒ.പി പ്രവർത്തിക്കുന്നുണ്ട്. ഡിസ്ചാർജ് ആകുന്ന കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും രണ്ടാഴ്ചയാകുമ്പോൾ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. |
| (ബി) | ഇവർക്ക് വിദഗ്ധ ചികിത്സ ലഭിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് നാളിതുവരെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെ 1185 ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിലൂടെ 16.07.2021 |

| | | | |
|---|---|---|---|
| | | | -ാം തീയതി വരെ രണ്ടര ലക്ഷത്തോളം പേരെ പരിശോധിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും വിദഗ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ തലത്തിലും, ഉപജില്ലാ തലത്തിലും ആശുപത്രി തലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് കോവിഡ് ഒ.പി.കളിൽ വരുന്ന രോഗികൾക്ക് എന്തെങ്കിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ സഹായത്തോടെ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും പോസ്റ്റ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ